## കേരള കാർഷിക സർവ്വകലാശാല
### കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനിയറിംഗ് & ടെക്നോളജി
തവനൂർ – 679573, മലപ്പുറം

ഇ–മെയിൽ : deanengg@kau.in, kcaet@kau.in, ഫോൺ : 0494 2686214


File No.: KCAET/1979/2025-B1      21-03-2025

**ടെൻഡർ നോട്ടീസ്**

ഈ കോളേജിലെ ഓഡിറ്റോറിയത്തിലെ പടിഞ്ഞാറ് ഭാഗത്തെയും തെക്ക് ഭാഗത്തെയും ഭാഗികമായി കേടായ മേൽക്കരയിൽ അറ്റകുറ്റപണികൾ ചെയ്യുന്നതിന് വേണ്ട ലേബർ ചാർജ്ജിന് വ്യക്തി/സ്ഥാപനം തുടങ്ങിയവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെൻഡറുകൾ താഴെ പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ക്ഷണിച്ചു കൊള്ളുന്നു.

**ജോലിയുടെ വിശദാംശങ്ങൾ**

- നിലവിൽ തകർന്നിരിക്കുന്ന ആസ്ബറ്റോസ് ഷീറ്റും ട്രസ് വർക്കുകളും പൊളിച്ചു മാറ്റി മേൽക്കര ഭാഗം വൃത്തിയാക്കുക.
- നിലവിലെ സ്റ്റീൽ റൂഫിംഗ് സ്ട്രക്ചറിന് ഇടയിൽ തന്നിരിക്കുന്ന അളവിൽ പുതുതായി ആങ്കർ veld ചെയ്തു ശക്തിപെടുത്തുക
- മുഴുവൻ സ്റ്റീൽ ഫ്രെയിമുകളും തുരുമ്പ് കളഞ്ഞ് E-Poxy primer അടിക്കുക. അതിന് ശേഷം ആസ്ബറ്റോസ് ഷീറ്റ് മേയുക
- മഴവെള്ളം ഒലിച്ചു പോകാനുള്ള ഗട്ടർ സ്ഥാപിക്കുക
- കേടു വന്നതും ഉപയോഗ ശൂന്യമായതുമായ അവശിഷ്ടങ്ങൾ നീക്കം ചെയ്യുക
- അനുബന്ധമായി വന്നേക്കാവുന്ന മറ്റു ജോലികൾ

**വ്യവസ്ഥകളും നിബന്ധനകളും**

1. ടെൻഡർ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനം സ്വന്തം ലെറ്റർഹെഡിൽ ടെന്റർ സമർപ്പിക്കാവുന്നതാണ്
2. ടെൻഡർ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനം മേൽ സൂചിപ്പിച്ച പ്രകാരമുള്ള ജോലി ചെയ്യുന്നതിനുള്ള ലേബർ ചാർജ് ആണ് കാണിക്കേണ്ടത്.
3. ടെൻ ഡർ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനം 200 രൂപ വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് സമർപ്പിക്കേണ്ടതാണ്. ടെൻഡർ തുകയുടെ 1% നിരദ്രവ്യമായും സമർപ്പിക്കേണ്ടതാണ്.
4. ആസ്ബറ്റോസ് ഷീറ്റ്, ആങ്കിളുകളും മറ്റു അനുബന്ധ സാധനങ്ങളും ഓഫീസിൽ നിന്നും നൽകുന്നതാണ്.
5. ടെൻഡർ 27.03.2025 ന് 12.00 Noon നുള്ളിൽ എത്തിക്കേണ്ടതും അന്നേ ദിവസം 12.30 Pm മണിക്ക് ടെൻഡർ തുറക്കുന്നതാണ്.
6. നിശ്ചിത തിയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.
7. ടെൻ ഡർ സമർപ്പിക്കുന്ന കവറിന് പുറത്ത് "ഓഡിറ്റോറിയത്തിലെ കേടായ മേൽക്കരയിൽ അറ്റകുറ്റപണികൾ ചെയ്യുന്നതിന് വേണ്ട ലേബർ ചർജിനുള്ള ടെൻഡർ" എന്ന് എഴുതി ഡീൻ, കേളപ്പജി കോളേജ് ഓഫ് എഞ്ചിനിയറിംഗ് ആൻഡ് ഫുഡ് ടെക്നോളജി , തവനൂർ

എന്ന വിലാസത്തിൽ സമർപ്പിക്കേതാണ്. ടെൻഡർ കിട്ടിയ വ്യക്തി/സ്ഥാപനം സുരക്ഷിത നിക്ഷേപമായി ടെൻഡർ തുകയുടെ 5% സമർപ്പിക്കേണ്ടതാണ്

8. ടെൻഡർ ലഭിക്കുന്ന വ്യക്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ മുൻകൂട്ടി അറിയിച്ച തിന് ശേഷം അവരുടെ മേനോട്ടത്തിൽ മാത്രമേ വർക്ക് ചെയ്യാവൂ.
9. ടെൻഡർ ലഭിക്കുന്ന വ്യക്തി ബന്ധപ്പെട്ട മേലധികാരി നിർദ്ദേശിക്കുന്ന സമയ ക്രമത്തിനുള്ളിൽ ജോലി പൂർത്തീകരിക്കേതാണ്.
10. ടെൻഡർ ലഭിക്കുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് ഒരു കാരണവശാലും പണം മുൻകൂറായി അനുവദിക്കുന്നതല്ല.
11. യാതൊരു കാരണവും കാണിക്കാതെ തന്നെ ടെൻഡർ മാറ്റിവെക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.
12. സർക്കാർ ടെൻഡറിന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ടെൻഡറിന് ബാധകമാണ്.
13. അനുവദനീയമായ നിരക്കിലുള്ള ഇൻകം ടാക്സ് ,കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട്, GST എന്നിവ ഈടാക്കുന്നതാണ്.
14. സമർപ്പിക്കുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് സ്വന്തമായി ബാങ്ക് അക്കൗണ്ട്, പാൻകാർഡും ഉായിരിക്കേതാണ്. GST രജിസ്ട്രേഷൻ ഉണ്ടെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫികറ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്.

Signed by
Jayan R R
Date: 21-03-2025 18:07:58

DEAN OF FACULTY
(AGRICULTURAL ENGINEERING)

പകർപ്പ് :

കെ.എ.യു വെബ്സൈറ്റ്, കെ.സി.എ.ഇ.ടി വെബ്സൈറ്റ്